# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1618**     **08.06.2018 ൽ മറുപടിയ്ക്ക്**

## കർഷക ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നിയമം വഴി ക്ഷേമനിധി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ബി) ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന കർഷകർ പ്രതിമാസം എന്ത് തുക അംശദായം അടയ്ക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;<br><br>സി) മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായി പെൻഷനും ആനുകൂല്യങ്ങളും ലഭിക്കുന്നവർ കർഷക ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണോ;<br><br>ഡി) ഇത് സംബന്ധിച്ച ബിൽ എന്നത്തേക്ക് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്? | എ) & ബി) & സി) & ഡി) കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നിയമം വഴി ക്ഷേമനിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നല്കുക, പിന്നോക്കം നിൽക്കുന്ന അംഗങ്ങൾക്ക്/ അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും, അവശതാ പെൻഷൻ, ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. 2018- ലെ കേരള കർഷക ക്ഷേമനിധി ബിൽ മന്ത്രിസഭ അംഗീകരിച്ചു കഴിഞ്ഞു. കാര്യോപദേശക സമിതിയുടേയും ബഹു: സ്പീക്കറുടേയും അനുമതിയോടെയും ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

Mayal

**സെക്ഷൻ ഓഫീസർ**